

# ഇടശ്ശേരി കലാ പാഠശാലയുടെ ആഭിമുഖ്യത്തിൽ

## ആദ്യ പ്രഭാഷണം

**14 ജനു 2023 ശനിയാഴ്ച**

ഉച്ചക്ക് 2.30 ന്

വേദി : ഇടശ്ശേരി സാഹിത്യ മന്ദിരം, പൊന്നാനി

| | | |
|---|---|---|
| സ്വാഗതം | : | അഡ്വ ജിസൺ പി ജോസ് |
| ആമുഖം | : | വിജു നായരങ്ങാടി |
| അദ്ധ്യക്ഷത | : | ഇ മാധവൻ<br>സെക്രട്ടറി, ഇടശ്ശേരി സ്മാരക സമിതി |
| പ്രഭാഷണം | : | സൗന്ദര്യത്തിന്റെ പര്യായങ്ങൾ<br>എം ഗോവിന്ദന്റെ സാഹിത്യചിന്തയിൽ<br>**ഡോ സി ജെ ജോർജ്ജ്** |
| നന്ദി | : | സൗദ പൊന്നാനി |



## എം ഗോവിന്ദൻ

1919 സെപ്റ്റംബർ 18 ന് മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ കുറ്റിപ്പുറം തൃക്കണാപുരത്ത് കൂടടയിലാണ് എം ഗോവിന്ദൻ ജനിച്ചത്. കേരളത്തിലും ചെന്നൈയിലും ഇൻഫർമേഷൻ വകുപ്പിൽ ജോലിചെയ്ത ഗോവിന്ദൻ എം എൻ റോയിയുടെ വഴിയിൽ രൂപപ്പെട്ട റാഡിക്കൽ ഹ്യൂമനിസ്റ്റ് ആയിരുന്നു.

ആധുനിക മലയാളിയുടെ ചിന്തകൾക്ക് ഒരു രീതി ശാസ്ത്രം ചമച്ചത് എം ഗോവിന്ദനാണ്. ഗോവിന്ദന്റെ രാഷ്ട്രീയ ബോധ്യങ്ങളും സൗന്ദര്യബോധവും നിർണ്ണയിച്ചതാണ് പിൽക്കാല ആധുനിക മലയാള സാഹിത്യം. ഗോവിന്ദൻ ചിന്തയിലും കവിതയിലും ചുണ്ടിയ വിരലിനറ്റത്ത് രൂപപ്പെട്ട സൗന്ദര്യത്തിന്റെ രാഷ്ട്രീയമെന്തെന്ന അന്വേഷണമാണ് 'സൗന്ദര്യത്തിന്റെ പര്യായങ്ങൾ' എന്ന പ്രഭാഷണം മുന്നോട്ടു വെക്കുന്നത്. മദ്രാസിൽ പോയി താമസമാകും മുമ്പും മദ്രാസ് വിട്ടതിനു ശേഷവും എം ഗോവിന്ദന്റെ ജീവിതം കുറ്റിപ്പുറത്ത് കൂടടയിലായിരുന്നു . മലയാളിയുടെ എഴുത്തിന്റെ രാഷ്ട്രീയത്തിലും സൗന്ദര്യബോധത്തിലും ആഴമേറിയ ഇടപെടലുകൾ നടത്തിയ എം ഗോവിന്ദൻ ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തിലെ ഏറ്റവും തീക്ഷ്ണമായ ധിഷണയായിരുന്നു



## ഡോ. സി ജെ ജോർജ്ജ്

കോഴിക്കോട് കായണ്ണ സ്വദേശി. 1965 ൽ ജനനം. മലയാളസാഹിത്യത്തിൽ രണ്ടാം റാങ്കോടെ ബി.എ., ഒന്നാം റാങ്കോടെ എം.എ. ബിരുദങ്ങൾ. സാമൂഹികഭാഷാശാസ്ത്ര ഗവേഷണത്തിൽ എം ഫിൽ ബിരുദം. ഡോ ടി ബി വേണുഗോപാലപ്പണിക്കരുടെ മേൽനോട്ടത്തിൽ എം ഗോവിന്ദന്റെ ധൈഷണികജീവിതത്തെ മുൻനിറുത്തി നടത്തിയ പഠനത്തിന് ഡോക്ടറൽ ബിരുദം. 2009ൽ പുരോഗമനസാഹിത്യത്തിലെ ധൈഷണികധാരകളെ സംബന്ധിച്ച പഠനത്തിന് യു.ജി.സി. പോസ്റ്റ് ഡോക്ടറൽ റിസർച്ച് അവാർഡ്. കേരളസാഹിത്യ അക്കാദമിയുടെ ഐ സി ചാക്കോ പുരസ്കാരം നേടിയ വാക്കിന്റെ സാമൂഹികശാസ്ത്രം, ചിഹ്നശാസ്ത്രവും ഘടനാവാദവും, അടവും തുറവും, കവിതയും നവോത്ഥാനവും (വി.വി. സോമനാഥൻ പി.യ്ക്കൊപ്പം), സമകാലികസാഹിത്യസിദ്ധാന്തങ്ങൾ (കെ.വി.തോമസ്സിനൊപ്പം), പുരോഗമനസാഹിതി, ഇംഗ്ലീഷാവിഷ്ടമായ മലയാളം, കുതിരക്കാൽ എന്നിവ പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ. തൃശൂർ സെയിന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരുന്നു. തുടർന്ന് കട്ടപ്പന, പേരാമ്പ്ര സി.കെ.ജി., എറണാകുളം മഹാരാജാസ്, കോഴിക്കോട് ആർട്സ് ആന്റ് സയൻസ് എന്നീ ഗവൺമെന്റ് കോളേജുകളിൽ ജോലി ചെയ്തു. കോഴിക്കോട് ബാലുശ്ശേരിയിലെ ഡോ ബി ആർ അംബേദ്കർ മെമ്മോറിയൽ ഗവ. കോളേജിൽ പ്രിൻസിപ്പലിന്റെ ചുമതലയിലിരിക്കെ റിട്ടയർ ചെയ്തു.

ഇടശ്ശേരി കലാ പാഠശാല: മലയാള സാഹിത്യ രംഗത്തെയും കലാരംഗത്തെയും അഭിരുചികളെ അടിസ്ഥാനപരമായി നിയന്ത്രിച്ചു പോന്ന കലാകാരന്മാരെ പഠിക്കാനും പുതിയ കാലത്തെ കലാകാരൻമാർക്ക് ഇടമൊരുക്കാനും പൊന്നാനിയിൽ ഇടശ്ശേരി സാഹിത്യ മന്ദിരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇടശ്ശേരി സ്മാരക സമിതിയുടെ നേതൃത്വത്തിലുള്ള കൂട്ടായ്മ